## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഗുണഭോക്താക്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1336

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ 2011-12 വർഷത്തിൽ ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | അനുബന്ധമായി 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2011-12-ൽ ഗുണഭോക്താക്കൾക്ക് അധികവിഹിതം നൽകുമെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നോയെന്നു വ്യക്തമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | 15.9.2011 ന് ശേഷം എഗ്രിമെന്റ് വയ്ക്കുന്ന ഗുണഭോക്താക്കൾക്ക്, എസ്.സി, ജനറൽ ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റ് 2 ലക്ഷമായും പട്ടിക വർഗ്ഗ ഗുണഭോക്താ ക്കൾക്ക് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത ഉത്തരവു പ്രകാരം അധിക വിഹിതം നൽകുകയുണ്ടായോ ; | (സി) | യൂണിറ്റ് കോസ്റ്റ് കഴിച്ച് ബാക്കി ആവശ്യമുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ നൽകണമെന്ന നിർദ്ദേശം സർക്കാർ നൽകിയിരുന്നു. ഇതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ കഴിഞ്ഞില്ലെങ്കിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഉത്തരവു പ്രകാരം അധിക വിഹിതം നൽകാത്തതിനാലും അധിക വിഹിതം നൽകുന്ന ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാത്തതിനാലും 2011-12-ലെ ഗുണഭോക്താക്കളുടെ വീടു നിർമ്മാണം ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഇ) | എങ്കിൽ 2011-12-ലെ ആവാസ് യോജന ഗുണഭോക്താക്കളുടെ വർദ്ധിപ്പിച്ച ധനസഹായം എപ്പോൾ ലഭ്യമാക്കുമെന്നും ഇതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ ? | (ഇ) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| Indira Awaas Yojana Year wise Details of Sanction | | | | | |
|---|---|---|---|---|---|
| Year | District | Achivement | | | |
| | | New House | Upgradation | Credit Cum Subsidy | Total |
| 2011-12 | Thiruvananthapuram | 7171 | 0 | 0 | 7171 |
| | Kollam | 6420 | 0 | 0 | 6420 |
| | Pathanamthitta | 2544 | 176 | 0 | 2720 |
| | Alappuzha | 7867 | 1984 | 0 | 9851 |
| | Kottayam | 2889 | 1278 | 0 | 4167 |
| | Idukki | 2621 | 1023 | 0 | 3644 |
| | Eranakulam | 2704 | 991 | 0 | 3695 |
| | Thrissur | 5968 | 3812 | 0 | 9780 |
| | Palakkad | 4122 | 1737 | 0 | 5859 |
| | Malappuram | 4783 | 1175 | 14 | 5972 |
| | Kozhikode | 3338 | 0 | 0 | 3338 |
| | Wayanad | 2004 | 206 | 0 | 2210 |
| | Kannur | 850 | 0 | 0 | 850 |
| | Kasaragode | 1436 | 17 | 0 | 1453 |
| 2011-12 | Total | 54717 | 12399 | 14 | 67130 |

അനുബന്ധം 2

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- ഇന്ദിരാ ആവാസ് യോജന പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.2/2012/തസ്വഭവ | തിരുവനന്തപുരം, തീയതി,02/01/2012

---

പരാമർശം:-1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 15-09-2011-ലെ സ.ഉ.(കൈ)93/2011/പ.ജ: പ.വ. വിവ.

2. 23-11-2011-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2-ാം നമ്പർ തീരുമാനം.

3. ഗ്രാമവികസന കമ്മീഷണറുടെ 24-11-2011-ലെ 22148/ ജെ.ആർ.വൈ.1/11/സി.ആർ.ഡി. നമ്പർ അർദ്ധഔദ്യോഗിക കത്ത്..

**<u>ഉത്തരവ്</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം യഥാക്രമം 1,00,000/-(ഒരു ലക്ഷം) രൂപയും 1,25,000/-(ഒന്നേകാൽ ലക്ഷം) രൂപയും ആയിരുന്നത് 2,00,000/-(രണ്ടു ലക്ഷം) രൂപയും 2,50,000/-(രണ്ടര ലക്ഷം ) രൂപയുമായി മേൽ പരാമർശം ഒന്നു പ്രകാരം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഇപ്പോൾ യഥാക്രമം നൽകി വരുന്ന ധനസഹായമായ 1 ലക്ഷം രൂപയും 1.25 ലക്ഷം രൂപയുമെന്നുള്ളത് 2.00 ലക്ഷം രൂപയും 2.50 ലക്ഷം രൂപയും ആയി വർദ്ധിപ്പിക്കണമെന്ന് മേൽ പരാമർശം മൂന്ന് പ്രകാരം ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നൽകുന്ന പുതുക്കിയ നിരക്കിലുള്ള ഭവന നിർമ്മാണ ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് കൂടി ഈ ധനകാര്യ വർഷം തന്നെ ബാധകമാക്കുന്നതിന് പരാമർശം രണ്ടു പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച ശേഷം ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കി വരുന്ന ഇന്ദിരാ ആവാസ് യോജനയുടെ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ ധനസഹായം യഥാക്രമം രണ്ടു ലക്ഷം രൂപയും 2.50 ലക്ഷം രൂപയുമായി താഴെ ചേർത്തിരിക്കുന്ന വ്യവസ്ഥകളോടെ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായ വർദ്ധനക്ക് അനുവാദം നൽകിയ 15-09-2011 മുതൽ ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കും.

(ii) ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഹിയ്ക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
7. തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്.
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- ഇന്ദിരാ ആവാസ് യോജന പ്രകാരം പൊതു വിഭാഗങ്ങൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.68/2012/തസ്വഭവ　　　　തിരുവനന്തപുരം, തീയതി,16/03/2012

---

പരാമർശം:-1. സ.ഉ.(കൈ)നമ്പർ.2/2012/തസ്വഭവ, തീയതി: 02-01-2012.
2. 15-02-2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം.
3. സ.ഉ. (കൈ) നമ്പർ.52/2012/തസ്വഭവ, തീയതി: 27-02-2012.

### ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി, ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷമായിരുന്നത് രണ്ടു ലക്ഷമായും പട്ടികവർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷമായിരുന്നത് 2.50 ലക്ഷം രൂപയായും പരാമർശം ഒന്നു പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. 15-02-12-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- രൂപയായും വർദ്ധിപ്പിച്ച് 15-09-11 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതു വിഭാഗത്തിൽപ്പെട്ട " ഇന്ദിരാ ആവാസ് യോജന " ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 15-09-11 മുതൽ പ്രാബല്യം നൽകി ഉത്തരവാകുന്നു. 15-09-2011-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15-09-2011-ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം

സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിക്കും ബാധകമാകുന്നത്. ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
7. തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്.
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.